# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 747    12.12.2012 ൽ മറുപടി നൽകേണ്ടിയിരുന്നത്

**ആരോഗ്യ ഇൻഷ്വറൻസ് കാർഡ്**

| ചോദ്യം<br>ശ്രീ.പി.തിലോത്തമൻ | | ഉത്തരം<br>ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആരോഗ്യ ഇൻഷ്വറൻസ് കാർഡ് ഉപയോഗിച്ച് രോഗികൾക്ക് ലഭിക്കുന്ന സേവനങ്ങൾക്കും മരുന്നുകൾക്കും വ്യക്തമായ ഫീസും വിലയും കാണിക്കുന്ന ബില്ലുകൾ ആശുപത്രികൾ നൽകുന്നില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സാധാരണക്കാരായ രോഗികളും ഒപ്പം സർക്കാരിന്റെ ഖജനാവും ഇതിലൂടെ വൻ അഴിമതിക്ക് വിധേയമാകുകയാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; | (എ) | ആർ.എസ്.ബി.വൈ.യുടെ നിയമാവലി പ്രകാരം ആശുപത്രി ജനറൽ വാർഡിൽ അഡ്മിറ്റ് ചെയ്യുന്ന രോഗികൾക്ക് ഒരു ദിവസം 500/- രൂപയും, ഐ.സി.യു.വിൽ അഡ്മിറ്റാകുന്ന രോഗികൾക്ക് ഒരു ദിവസം 1000/- രൂപയും എന്ന ക്രമത്തിൽ ചികിത്സാ അനുബന്ധ പരിശോധന എന്നിവയ്ക്കായി നൽകുന്നുണ്ട്. കൂടാതെ ഓപ്പറേഷന് നിശ്ചയിച്ചിട്ടുള്ള റേറ്റ് പ്രകാരം ഓപ്പറേഷൻ, അനസ്തേഷ്യ, ഇംപ്ലാന്റ് തുടങ്ങിയ എല്ലാ ചിലവും അതിനുശേഷം എന്തെങ്കിലും ന്യൂനത ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള ചികിത്സയും നൽകുന്നു. ഡിസ്ചാർജ്ജിന് ശേഷമുള്ള അഞ്ച് ദിവസത്തെ മരുന്ന്, ഇൻവെസ്റ്റിഗേഷൻ എന്നിവയും 100/- രൂപ വണ്ടിക്കൂലിയും നൽകി വരുന്നുണ്ട്. എല്ലാ ബില്ലുകളും ആശുപത്രിയിൽ തന്നെ സൂക്ഷിക്കുന്നു. സൗജന്യ ചികിത്സ ആയതിനാൽ ബില്ല് കൊടുക്കുന്ന രീതിയില്ല. |
| (ബി) | മെഡിക്കൽ ഇൻഷ്വറൻസ് കാർഡുകളിലൂടെ രോഗികൾക്ക് ലഭിക്കുന്ന ഓരോ സേവനത്തിനും മരുന്നിനും വ്യക്തമായ ബില്ലും കാർഡിലെ ബാലൻസ് തുകയും കൃത്യമായി രേഖപ്പെടുത്തി നൽകാൻ ആശുപത്രികൾക്ക് നിർദ്ദേശം നൽകുമോ; | (ബി) | ഡിസ്ചാർജ്ജ് സ്ലിപ്പിനോടൊപ്പം ചികിത്സയ്ക്ക് ചെലവായ തുകയും ബാലൻസ് തുകയും നൽകിയ ചികിത്സയുടെ ഡീറ്റെയിൽസും നൽകി വരുന്നു. |
| (സി) | ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും കമ്മീഷൻവാങ്ങി സാധാരണ രോഗങ്ങൾക്ക് പോലും ചെലവേറിയ മരുന്നുകളും ടെസ്റ്റുകളും അനാവശ്യമായി നിർദ്ദേശിക്കുന്ന നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് അടിയന്തിരമായി അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ